**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7832. 15.07.2014 ൽ മറുപടിയ്ക്ക്.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ കണക്കനുസരിച്ച് മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷം മാത്രം നികുതി സ്വീകരിക്കേണ്ടതായ എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 31/3/14 വരെ 13,84,251 വാഹനങ്ങൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷം നികുതി സ്വീകരിയ്ക്കേണ്ടതായുണ്ട്. പി.എഫ് ഉള്ളവരെയും 60 വയസ്സിനു മുകളിലുള്ളവരേയും മോട്ടോർ തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | നിലവിലെ നിയമമനുസരിച്ച് വാഹന നികുതി അടയ്ക്കുമ്പോൾ ക്ഷേമനിധി വിഹിതം അടച്ച രസീതുകൂടി ഹാജരാക്കേണ്ടതുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. 1976 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിൽ 2005-ൽ നിലവിൽ വന്ന ഭേദഗതിയനുസരിച്ച് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി അടയ്ക്കണമെന്നുണ്ടെങ്കിൽ നികുതി അടയ്ക്കുന്നതിനു തൊട്ടുമുൻപുള്ള മാസം വരെയുള്ള വെൽഫെയർ ഫണ്ട് അടച്ച രസീത് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ വകുപ്പിന്റെ ഓഫീസുകളിൽ നികുതി സ്വീകരിക്കുകയുള്ളൂ. |
| (സി) | എങ്കിൽ, ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടവയും എന്നാൽ അത് ചെയ്യാത്തതുമായ വാഹനങ്ങൾ നികുതി അടയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം നികുതിയടയ്ക്കുന്നതെങ്ങനെയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | ക്ഷേമനിധി വിഹിതം അടച്ച രസീത് ഹാജരാക്കുന്നവരിൽ നിന്നാണ് നികുതി എടുക്കുന്നത്. എന്നാൽ വാഹന ഉടമകൾ ക്ഷേമനിധി അടയ്ക്കാതെ നികുതി അടയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ക്ഷേമനിധി അടച്ചവരുടെ വിവരങ്ങൾ കമ്പ്യൂട്ടറിലോ അല്ലാതെയോ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല. വ്യാജ രസീത് കാണിച്ച് നികുതി അടച്ചതും രസീത് ഇല്ലാതെ നികുതി സ്വീകരിച്ചതുമായ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി അടയ്ക്കാത്തതിനാൽ നികുതി അടയ്ക്കാത്തവരുടെ എണ്ണവും കൂടുതലാണ്. വാഹനം പിടിച്ചെടുത്ത് സുരക്ഷിതമായി കസ്റ്റഡിയിൽ വയ്ക്കുവാൻ പോലീസ് സ്റ്റേഷനിൽ സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ മോട്ടോർ വാഹന വകുപ്പിനും നടപടി എടുക്കുവാൻ സാധിക്കുന്നില്ല. ആകയാൽ ക്ഷേമനിധി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്ത് മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.